# കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി & എസ്.ഇ.ഒ.സി യുടെ വാഹനം ഓടിക്കുന്നതിന് ദിവസ വേതന അടിസ്ഥാനത്തിൽ ഡ്രൈവർ കം അറ്റൻഡന്റ് എംപാനൽ ലിസ്റ്റ് തയ്യാറാക്കുന്നത് അറിയിപ്പ്

**എസ്.ഇ.ഒ.സി / എസ്റ്റാബ്ളിഷ്മെന്റ് /228/2018**
**തീയതി.06.05.19**

## നിരാകരണം

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയുടെ 24*7*365 ദിവസവും പ്രവർത്തിക്കുന്ന അടിയന്തര ഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിൽ ലഭ്യമായ വാഹനങ്ങൾ ദിവസ വേതനാടിസ്ഥാനത്തിൽ ഓടിയ്ക്കുന്നതിന് ഡ്രൈവർ കം അറ്റൻഡന്റ് തസ്തികയിലേയ്ക്ക് ജീവനക്കാരെ നിയമിയ്ക്കുന്നതിന് അർഹരായവരുടെ എംപാനൽ ലിസ്റ്റ് തയ്യാറാക്കുന്നു.**

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയോ സംസ്ഥാന അടിയന്തിര ഘട്ട കാര്യാലയമോ ആരുമായും ഇതുമായി ബന്ധപ്പെട്ട് യാതൊരു ഉറപ്പുകളോ, വാഗ്ദാനങ്ങളോ നൽകിയിട്ടില്ലാത്തതാണ്. ഡ്രൈവർ കം അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും ഉണ്ടാകുന്ന പ്രയാസങ്ങളോ നഷ്ടങ്ങൾക്കോ ഈ സ്ഥാപനത്തിന് യാതൊരു ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.**

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയ്ക്കും അടിയന്തര ഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിനും ഇതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളോ യാതൊരു കാരണവും പറയാതെ നിറുത്തുന്നതിനോ തടയുന്നതിനോ ഉള്ള അവകാശം ഉണ്ടായിരിക്കും.**

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയ്ക്കോ സംസ്ഥാന അടിയന്തിര ഘട്ട കാര്യാലയത്തിനോ തെരഞ്ഞെടുപ്പിന്റെയോ തുടർ നടത്തിപ്പുകളുടെയോ ഏതു**

ഘട്ടത്തിലും നിർദ്ദേശങ്ങൾ നിരസിയ്ക്കുന്നതിനും പരിഷ്കരിയ്ക്കുന്നതിനും ഉള്ള അവകാശമുണ്ടായിരിക്കുന്നതാണ്.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയ്ക്കും സംസ്ഥാന അടിയന്തിര ഘട്ട കാര്യാലയത്തിനും അപേക്ഷകളിൽമേൽ ഉപാധിരഹിതമായി സ്വീകരിയ്ക്കുന്നതിനോ തടയുന്നതിനോ ഉള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

## അപേക്ഷ ക്ഷണിയ്ക്കൽ

1. ലഭിയ്ക്കുന്ന അപേക്ഷയുടെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിയ്ക്കുന്നതാണ്.
2. ലിസ്റ്റിൽ പേരുള്ളതുകൊണ്ട് എല്ലാ ദിവസവും ജോലി ലഭിയ്ക്കണമെന്നില്ല.
3. വാഹനാവശ്യകതയുടെ ഡിമാന്റിനനുസരിച്ച് ലിസ്റ്റിൽ നിന്നും സീനിയറായിട്ടുള്ളവരെ ജോലിയ്ക്ക് നിയോഗിക്കുകയും അവർ ലഭ്യമല്ലാതാകുന്ന അവസരങ്ങളിൽ തൊട്ടു താഴെയുള്ളവരെ പരിഗണിയ്ക്കുന്നതുമാണ്.
4. അടിയന്തിര ഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തനം 24*7*365 ദിവസമാണ്.

## മാനദണ്ഡം

വിദ്യഭ്യാസ യോഗ്യത : എസ്.എസ്.എൽ.സി

മറ്റ് യോഗ്യതകൾ : സാധൂതയുള്ള LMV ലൈസൻസ്, സാധൂതയുള്ള Two wheeler ലൈസൻസ്

ജോലി പരിചയം : 5 വർഷം

പ്രായ പരിധി : 25-55

## <u>ഉപാധികളും നിബന്ധനകളും</u>

1. പ്രതി ദിന വേതനം **700/-** (പരമാവധി പ്രതിമാസ വേതനം **18900/-**) ജില്ലയ്ക്ക് പുറത്തു പോകുന്ന സാഹചര്യത്തിൽ **24** മണിക്കൂറിൽ അധികം ജോലി ചെയ്താൽ പ്രതിദിനം **250/-** അലവൻസായി നൽകുന്നതായിരിക്കും.
2. തെരഞ്ഞെടുക്കപ്പെടുവർ ഓഫീസ് അറ്റൻഡന്റ് –ന്റെ ജോലി കൂടി നിർവ്വഹിക്കേണ്ടതാണ്.
3. വാഹനത്തിൽ നിയമാനുസൃതം പരിപാലിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും എല്ലാ ദിവസവും മേലധികാരിയെ കാണിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
4. സ്വന്തം കുറ്റം കൊണ്ട് ഉണ്ടാകുന്ന നഷ്ട പരിഹാരങ്ങൾക്കോ മറ്റ് ബാധ്യതകൾക്കോ കാര്യാലയത്തിന് യാതൊരു ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.
5. വാഹനവുമായി ബന്ധപ്പെട്ടുള്ള എല്ലാത്തരം ഇടപാടുകളും യഥാവിധി മേലധികാരിയെ അറിയിച്ച് അനുമതി വാങ്ങേണ്ടതും, വാഹനത്തെ സംബന്ധിച്ച രജിസ്ട്രേഷൻ , ഇൻഷൂറൻസ് , പുകമലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് തുടങ്ങിയവ കൃത്യമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
6. ഓഫീസിന്റെ പ്രവർത്തനത്തിന് നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി വീഴ്ച കൂടാതെ ചെയ്യേണ്ടതാണ്.
7. ഓഫീസിൽ നിന്നും ആവശ്യപ്പെടുന്ന പക്ഷം ഡ്രൈവർമാരുടെ അംഗീകൃത യൂണിഫോം ധരിക്കേണ്ടതാണ്.
8. അതതു മാസം ചെയ്ത ജോലിയുടെ പ്രതിഫലം തൊട്ടടുത്ത മാസം **10** ന് മുമ്പായി കൈപ്പറ്റേണ്ടതാണ്.
9. വാഹനം പൂർണ്ണമായും കഴുകി വൃത്തിയാക്കിയും സാധനസാമഗ്രഗികൾക്ക് കേടുപാടുകൾ ഇല്ലാതെയും സംരക്ഷിക്കേണ്ടതാണ്.
10. അപേക്ഷകൻ കണ്ണ് പരിശോധന നടത്തി സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. കണ്ണട ആവശ്യമുണ്ടെന്ന്

ഡോക്ടർ നിർദ്ദേശിക്കുന്ന പക്ഷം അവ ഉള്ളവരെ മാത്രമേ പരിഗണിയ്ക്കുകയുള്ളു.

11. സർക്കാർ / അർദ്ധ സർക്കാർ / പൊതു മേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും റിട്ടയർ ചെയ്തവർക്കും അപേക്ഷിക്കാവുന്നതാണ്.

താല്പര്യമുള്ളവർ ഇതൊടൊപ്പം ചേർത്തിരിക്കുന്ന അപേക്ഷ ഫോറത്തിന്റെ മാതൃകയിൽ അപേക്ഷ തയ്യാറാക്കി താഴെ സൂചിപ്പിക്കുന്ന മേൽ വിലാസത്തിൽ **10.06.2019** ന് മുമ്പ് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന പ്രമാണങ്ങളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുക.

ഹെഡ് (സയന്റിസ്റ്റ്)
കേരള സംസ്ഥാന അടിയന്തര ഘട്ട കാര്യ നിർവ്വഹണ കേന്ദ്രം
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയുടെ കാര്യാലയം
വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം.

(ഒപ്പ് /-)
ഹെഡ് (സയന്റിസ്റ്റ്)

# <u>അപേക്ഷാ ഫോറം</u>

1. **പേര്** :
2. **വയസ്സ് & ജനന തീയതി** :
3. **വിദ്യഭ്യാസ യോഗ്യത** :
4. **ലൈസൻസ് നം** :
5. **ഏതൊക്കെ തരം ലൈസൻസ് ഉണ്ട്** :
6. **ജോലി പരിചയം** :
7. **മേൽ വിലാസം & ഫോൺ നം.** :
8. **കാഴ്ച പരിമിതി** : **ഉണ്ട് / ഇല്ല.**
9. **കാഴ്ച പരിമിതി ഉണ്ടെങ്കിൽ കണ്ണട ഡോക്ടറുടെ നിർദ്ദേശ പ്രകാരം ഉപയോഗിക്കുന്നുണ്ടോ ?** : **ഉണ്ട് / ഇല്ല.**

**മേൽ സൂചിപ്പിച്ച വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം പൂർണ്ണമായും സത്യസന്ധമാണെന്നും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയുടെ നിബന്ധനകൾക്കും ഉപാധികൾക്കും വിധേയനായി പ്രവർത്തിയ്ക്കാൻ തയ്യാറാണെന്നും അറിയിക്കുന്നു.**

**ഒപ്പ്**

**പേരും മേൽ**

**വിലാസവും**